**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1766** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>ഗുരുവായൂർ മണ്ഡലത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** നിലവിൽ ഗുരുവായൂർ നിയോജക മണ്ഡലത്തിന് കീഴിൽ വരുന്ന St. Josephs Arts & Science College, Pavarattin, Little flower College Guruvayoor എന്നീ കോളേജുകളിൽ അസാപ് കേരളയുടെ നേതൃത്വത്തിൽ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് ആൻഡ് കരിയർ പ്ലാനിംഗ് (CSDCCP) എന്ന പേരിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത കേന്ദ്രങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് ഉയർന്ന തൊഴിൽസാധ്യതയുള്ള മേഖലകളിൽ നൈപുണ്യധിഷ്ഠിത പരിശീലനം, എംപ്ലോയബിലിറ്റി സ്കിൽ പരിശീലനം എന്നിവ നൽകി വരുന്നു. വ്യവസായ ആവശ്യകതകൾക്ക് അനുയോജ്യമായ പാഠ്യപദ്ധതിയും അംഗീകൃത സർട്ടിഫിക്കേഷനും നൽകുന്നത് വഴി വിദ്യാർത്ഥികളുടെ മത്സരക്ഷമത വർധിപ്പിക്കുന്നതിനും, എല്ലാവർക്കും പ്രാപ്യമായ രീതിയിൽ നൈപുണ്യ പരിശീലനത്തിന് അവസരങ്ങൾ ഒരുക്കുന്നതിനും ഈ കേന്ദ്രങ്ങൾ സഹായകരമാകുന്നു.

**സെക്ഷൻ ഓഫീസർ**